പ്രധാന ആവശ്യങ്ങൾ. വികലാംഗരിൽനിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ എന്നിവയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുകയും അവയിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ഒഴിവുള്ള വികലാംഗ തസ്തികകളിൽ അർഹരായവരെ നിയമിക്കുന്നതിന് നടപടി

32 [2169] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ പോസ്റ്റിംഗ് നടത്താതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ സർവ്വീസിൽ വികലാംഗർക്കായി എത്ര ശതമാനം സംവരണം നൽകിയിട്ടുണ്ട്; ഈ സംവരണം പാലിക്കാത്ത ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) സംസ്ഥാന സർവ്വീസിൽ ഒഴിവുള്ള വികലാംഗ തസ്തികകളിൽ അർഹരായവരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ സർവ്വീസിൽ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിൽ 3% സംവരണം നൽകിയിട്ടുണ്ട്. പ്രസ്തുത സംവരണം പാലിക്കാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിയമനം നടത്തി വരുന്നുണ്ട്.

അവശരായ മുതിർന്ന പൗരൻമാരുടെ ക്ഷേമ പരിചരണ ചെലവുകൾ ബന്ധുക്കളിൽനിന്ന് ഈടാക്കാൻ വ്യവസ്ഥ

33 [2170] ശ്രീ. കെ. സി. ജോസഫ്:
,, എം. കെ. പ്രാൻസിസ് മാസ്റ്റർ:
,, വി. ജെ. പൗലോസ്:
,, കെ. മുഹമ്മദാലി:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) അവശരായ മുതിർന്ന പൗരൻമാരെ പരിചരിക്കുവാനും ക്ഷേമം കൊടുക്കുവാനുമുള്ള ഉത്തരവാദിത്വത്തിൽ നിന്നൊഴിയുന്നതിനായി അവരെ ബന്ധുക്കൾ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജനറൽ ആശുപത്രികളിലും ആക്കിയശേഷം അപ്രത്യക്ഷരാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണതയ്ക്ക് ഏപ്രകാരം പരിഹാരമുണ്ടാക്കാമെന്നു കരുതുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇങ്ങനെ ഉറ ബ്ന്ധുക്കൾ ആശുപത്രിയിൽ ഉപേക്ഷിച്ചു പോകുന്ന ഇവരുടെ ക്ഷേണ പരിചരണ ചെലവുകൾ അവരുടെ ബന്ധുക്കളിൽ നിന്നുതന്നെ ഈടാക്കാൻ വ്യവസ്ഥയുണ്ടാക്കുമോ;

(ഡി) നിരാലംബരായ മുതിർന്ന പൗരൻമാർക്കു വേണ്ടിയുള്ള സദനങ്ങൾ ജില്ലതോറും ആരംഭിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗുരുതരമായി അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ കഴിയുന്നവരുടേയും ആരും സ്വീകരിക്കാനില്ലാതെ ആശുപത്രിയിൽ കഴിയുവാൻ നിർബന്ധിതരായവരുടെയും സംരക്ഷണത്തിനായുള്ള ഒരു പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മൂന്നു സന്നദ്ധ സംഘടനകളെ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്തിട്ടുണ്ട്:

1. എസ്. എം. എസ്. ഹിന്ദു മഹിളാ മന്ദിരം, പൂജപ്പുര, തിരുവനന്തപുരം ജില്ല.
2. കരുണാലയം, പോത്തൻകോട്, തിരുവനന്തപുരം ജില്ല.
3. ശാന്തി മന്ദിരം, വാളിക്കോട്, നെടുമങ്ങാട്, തിരുവനന്തപുരം ജില്ല.

(സി) ഇക്കാര്യത്തിൽ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ഡി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 14 ജില്ലകളിലായി 15 വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

വൃദ്ധ സദനങ്ങളും അനാഥാലയങ്ങളും

34 [2171] ശ്രീ. ആർ. ബാലകൃഷ്ണ പിള്ള:
,, ടി. എം. ജേക്കബ്:
,, ഷിബു ബേബിജോൺ:
,,, കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൃദ്ധ സദനങ്ങളും അനാഥാലയങ്ങളും ഉണ്ട്; ഇവയിൽ ഗവൺമെന്റ് നേരിട്ടു നടത്തുന്നവയെത്ര;

(ബി) ഈ സദനങ്ങളിലെ മുതിർന്ന പൗരൻമാരിൽനിന്നും എന്തെങ്കിലും ഫീസ് ഈടാക്കുന്നുണ്ടോ;

(സി) ഇവയിൽ എത്ര സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഗ്രാന്റ് നൽകുന്നു; ഗ്രാന്റ് തുക എത്രയാണ്?

ഉത്തരം

(എ) സംസ്ഥാനത്ത് 242 വൃദ്ധ സദനങ്ങളും 812 അനാഥാലയങ്ങളും ഉണ്ട്. കൂടാതെ സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം 15 വൃദ്ധ മന്ദിരങ്ങളും

LIBRARY ARCHIVES Kerala Legislative Assembly